തുടർച്ച

ലാഹോർ നഗരത്തിന് പുറത്തായിരുന്നു അവരുടെ വീട്. അവർ ഒറ്റക്കായിരുന്നു, അച്ഛനും മകനും. തങ്ങളുടെ കൊച്ചു ഭൂമിയിൽ അവർ കൃഷി ചെയ്തു. പട്ടിണിയുടെ നാളുകളൊക്കെ ഉണ്ടായിരുന്നു. എന്നാലും ദൈവം ആവശ്യത്തിന് അന്നവും അതിലധികം സമാധാനവും തന്ന് അവരെ പോറ്റി.

ലാഹോർ ജനതയിൽ മുൻപ് കണ്ടിട്ടില്ലാത്ത ഒരു ഭയം ആയിടയായി കണ്ടു തുടങ്ങി. സ്വാതന്ത്ര്യലബ്ധിയുടെ സന്തോഷത്തിനിടയിലും ഒരു തരം വിശ്വാസമില്ലായ്മ ജനതയിൽ കണ്ടു തുടങ്ങി. അച്ഛനും മകനും എല്ലാം അറിയുന്നുണ്ടായിരുന്നു ഒരു കലാപത്തിന്റെ സാധ്യത അവർ മുൻകൂട്ടി കണ്ടിരുന്നു. എന്നാലും തങ്ങൾ ജനിച്ചു വളർന്ന മണ്ണ് വിട്ട് പോകാൻ അവർക്ക് മനസ്സുണ്ടായിരുന്നില്ല. കലാപം എവിടെയെങ്കിലും തുടങ്ങിയാൽ മാത്രം രക്ഷപ്പെട്ടാൽ മതി എന്നായിരുന്നു അവരുടെ തീരുമാനം.

തൊട്ടടുത്ത നഗരത്തിൽ കലാപം തുടങ്ങിയെന്ന വാർത്ത കേട്ടപ്പോൾ തന്നെ അവർ അതിർത്തി കടക്കാൻ തീരുമാനിച്ചു. തീവണ്ടി മാർഗം ആപത്താണെന്ന് മനസ്സിലാക്കി അവർ കാൽനടയായി അതിർത്തി കടന്നു. കലാപത്തിന്റെ ആദ്യനാളുകളായതു കൊണ്ട് തന്നെ അവരുടെ യാത്ര സുഗമമായിരുന്നു.

അച്ഛൻ മകനോട് പറഞ്ഞു, "നീ നിന്റെ കണ്ണും കാതും തുറന്നിരിക്കുക അതിജീവനത്തിന്റെ പാത അവിടെ തുറക്കപ്പെടും."

കാലം കുറേ കഴിഞ്ഞു അച്ഛൻ മകനെ വിട്ടുപോയി, നിത്യനിദ്രയിലേക്ക്. ചെറുപ്രായത്തിൽ തന്നെ അവൻ ഒറ്റക്കായി. അവന് ജീവിതം ഇനിയും ബാക്കി. അവന് കൂട്ടായി ഒന്നു മാത്രമുണ്ട്, അച്ഛന്റെ വാക്കുകൾ, "നീ നിന്റെ കണ്ണും കാതും തുറന്നിരിക്കുക അതിജീവനത്തിന്റെ പാത അവിടെ തുറക്കപ്പെടും